ഉത്തരം

(എ) 8 (എട്ട്) ഒഴിവുകൾ.

(ബി) ഇല്ല.

(സി) ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിന് മുന്നോടിയായി പൂർത്തിയാക്കേണ്ട സ്റ്റാഫ് ഫിക്സേഷൻ നടപടി പുരോഗമിച്ചുവരുന്നു.

(ഡി) ഉണ്ട്. ഒരെണ്ണം.

(ഇ) ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനു മുൻപ് സ്റ്റാഫ് ഫിക്സേഷൻ പൂർത്തിയാക്കേണ്ടതുണ്ട്. ഇതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സ്കൂൾ ശുചീകരണ പാചകത്തൊഴിലാളികളുടെ പ്രശ്നങ്ങൾ

87 [3070] *ഡോ. എ. നീലലോഹിതദാസൻ നാടാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സ്കൂൾ ശുചീകരണ പാചകത്തൊഴിലാളികളുടെ പ്രശ്നങ്ങൾ സംബന്ധിച്ച് കേരള വനിതാ കമ്മീഷൻ സംസ്ഥാന സർക്കാരിന് ഒരു കത്ത് നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കത്തിന്റെ കോപ്പി ലഭ്യമാക്കാമോ;

(ബി) ദേശീയ മനുഷ്യാവകാശ കമ്മീഷൻ, സ്കൂൾ ശുചീകരണ പാചകത്തൊഴിലാളികളുടെ പ്രശ്നങ്ങൾ സംബന്ധിച്ച് എന്തെങ്കിലും ശുപാർശകൾ കേന്ദ്ര സംസ്ഥാന സർക്കാരുകൾക്ക് നൽകിയിട്ടുണ്ടോ; എങ്കിൽ അവയുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) കേന്ദ്രസർക്കാർ ഇതു സംബന്ധിച്ച് എന്തൊക്കെ നിർദ്ദേശങ്ങളാണ് അവസാനമായി നൽകിയിട്ടുള്ളത്; അതു സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) തമിഴ്നാട് സർക്കാർ സ്കൂൾ ശുചീകരണ പാചകത്തൊഴിലാളികളുടെ കാര്യത്തിൽ സ്വീകരിച്ചിരിക്കുന്ന നടപടികളുടെ വിശദാംശം കേരള സർക്കാരിന് അറിയാമോ; എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഇ) കേരള വനിതാ കമ്മീഷന്റെയും ദേശീയ മനുഷ്യാവകാശ കമ്മീഷന്റെയും കേന്ദ്ര സർക്കാരിന്റെയും നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലും തമിഴ്നാട് സർക്കാർ സ്വീകരിച്ച നടപടികളുടെ അടിസ്ഥാനത്തിലും, കേരള സർക്കാർ സ്കൂൾ ശുചീകരണ പാചകത്തൊഴിലാളികളുടെ കാര്യത്തിൽ എന്ത് നടപടികളാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നത്?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇക്കാര്യം സംബന്ധിച്ച് വനിതാ കമ്മീഷന്റെ ഒന്നിലധികം കത്തുകൾ ലഭിച്ചിട്ടുണ്ട്.

(ബി) & (സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) വിശദാംശങ്ങളെപ്പറ്റി അറിവില്ല.

(ഇ) കേന്ദ്ര സർക്കാരിന്റെ സമഗ്ര ദേശീയ പോഷകാഹാര വിതരണ പരിപാടി 2004 പ്രകാരം 1-10-2004 മുതൽ പാചകച്ചെലവിനുള്ള തുക വർദ്ധിപ്പിച്ചു കിട്ടുന്നതിനുവേണ്ട ശുപാർശ സർക്കാർ പരിശോധിച്ചുവരുന്നു.

കോളേജുകൾക്ക് നാക്ക് അക്രെഡിറ്റേഷന്റെ കാലാവധി

88 [3071] *പ്രൊഫ. എ. ഡി. മുസ്തഫ:*
ശ്രീ. എം. മുരളി:
,, *എം. കെ. പോൾസൺ മാസ്റ്റർ:*
,, *കെ. ബാബു:*
,, *കെ. എ. ചന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോളേജുകൾക്ക് ലഭിക്കുന്ന നാക്ക് അക്രെഡിറ്റേഷന്റെ കാലാവധി എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) ഈ കാലാവധിക്കുശേഷം വീണ്ടും അക്രെഡിറ്റേഷൻ കൊടുക്കുമോ;

(സി) സംസ്ഥാനത്ത് എത്ര കോളേജുകൾക്ക് നാക്ക് അക്രെഡിറ്റേഷനും റീഅക്രെഡിറ്റേഷനും നൽകിയിട്ടുണ്ട്;

(ഡി) നാക്ക് അക്രെഡിറ്റേഷൻ കിട്ടുന്ന കോളേജുകൾക്ക് എന്തെല്ലാം സഹായങ്ങൾ യു. ജി. സി. യും സംസ്ഥാന സർക്കാരും നൽകുന്നുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കോളേജുകൾക്ക് ലഭിക്കുന്ന നാക്ക് അക്രെഡിറ്റേഷന്റെ കാലാവധി അഞ്ചു വർഷമാണ്.

(ബി) അക്രെഡിറ്റേഷൻ കാലാവധി കഴിഞ്ഞാൽ കോളേജുകൾ നിർബന്ധമായും റീഅക്രെഡിറ്റേഷന് വിധേയമാകേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly